0022419

K19P 1431

Reg. No. : ..............................

Name : ...................................

**I Semester M.A. Degree (CBSS - Reg./Suppl./Imp.)**
**Examination, October - 2019**
**(2014 Admission onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C01 : ANCIENT AND MEDIEVAL LITERATURE**

സമയം : 3 മണിക്കൂർ    മാർക്ക് : 80

**I.** ഈരണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **(5x4=20)**

1. തിരുനിഴൽ മാലയുടെ ഭാഷാപരമായ പ്രാധാന്യം വിവരിക്കുക.

2. അത്ര മുഖ്യമായുള്ളൊരു ഭാരത-
   മിപ്രദേശമെന്നെല്ലാരു കേർക്കണം -ഭാരതഖണ്ഡത്തിന്റെ പ്രാധാന്യത്തെപ്പറ്റി കവി ചൂണ്ടിക്കാട്ടുന്നതെന്തെല്ലാം?

3. ഉഭയമിദമുരുമ്മിക്കൂടുകിൽക്കുങ്കുമാർദ്രകുചയുഗമിദമുപമിക്കാം
   നൂനമച്ചീസുതായാഃ - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

4. ധന്യാഭാനോ: പുലരിവഴി വെള്ളാട്ടി ഭാനുക്കളെന്നും
   പൊന്നിൻപുൽക്കൊണ്ടിരുൾമയകടിക്കാടടിച്ചങ്ങുനീക്കി
   ഇസം ചേരും ഗഗനഭവനം ചുറ്റുമുറ്റത്തളിപ്പാ
   നംഭോരാശൗ ശശധരകുടം കാൺക മൂക്കിൻ - വ്യാഖ്യാനിക്കുക.

5. പാർമൂന്നും കാത്തുനിൽക്കുന്നവനെ നിജമഹീ-
   മാത്ര രക്ഷക്കു കല്പിച്ചാമന്ദം വിശ്രമിപ്പാൻ
   മനസികൊതികൊള്ളുത്തി മഹിപാലമൗലേ - ഔചിത്യം വിശദമാക്കുക.

**II.** നാല് പുറത്തിൽ കവിയാതെ ഉത്തരങ്ങളെഴുതുക. **(5x6=30)**

6. (എ) രാമചരിത ഭാഷയെക്കുറിച്ച് പണ്ഡിതന്മാർക്കുള്ള അഭിപ്രാങ്ങൾ ചർച്ച ചെയ്ത് സ്വമതം സ്ഥാപിക്കുക.

അല്ലെങ്കിൽ

P.T.O.

ബി) സ്വതന്ത്ര കല്പനകൾ കൊണ്ട് അത്യന്തം ഹൃദയാവർജ്ജകമാണ് ഭാഷാഭഗവദ് ഗീത. നിരൂപിക്കുക.

7. (എ) അതിരുകടന്ന അലങ്കാരപ്രിയത്വം കൃഷ്ണഗാഥയുടെ കാവ്യഭംഗിക്ക് ഒട്ടും മാറ്റു കുറച്ചിട്ടില്ല - ശരിയോ ? പരിശോധിക്കുക.

അല്ലെങ്കിൽ

(ബി) 'തുള്ളലുകളിലെ ജീവചൈതന്യം കുടികൊള്ളുന്നത് അതിലെ ഫലിത പരിഹാസങ്ങളിലാണ്' - നമ്പ്യാർക്കവിതയെ ഉപജീവിച്ച് സമർത്ഥിക്കുക.

8. (എ) കേരളത്തിലെ ഭൂപ്രകൃതിയും സൗന്ദര്യവിലാസവും അനുഭവരസികതയോടെ വർണ്ണിച്ച പ്രാചീന കാവ്യങ്ങളിൽ അഗ്രിമ സ്ഥാനത്താണ് ഉണ്ണുനീലി സന്ദേശം - തെളിയിക്കുക.

അല്ലെങ്കിൽ

(ബി) കേരള ഭാഷയുടെ വികാസ ദശയിലൊന്നിനെ പ്രതിനിധാനം ചെയ്യുന്ന കൃതിയാണ് ഉണ്ണിയച്ചി ചരിതം - വിശദീകരിക്കുക.

9. (എ) 'മധുരമധുരങ്ങളായ ഭാഷാപദങ്ങളും സംസ്കൃത പദങ്ങളും മാത്രമേ ചന്ദ്രോത്സവകാരന്റെ ശബ്ദകോശത്തിൽ കാണാനാവൂ - വ്യക്തമാക്കുക.

അല്ലെങ്കിൽ

(ബി) വാക്കുകൾ കൊണ്ടു ചിത്രം വരക്കാനുള്ള കഴിവ് കോകസന്ദേശത്തിലെ പലേടത്തും ദൃശ്യമാണ് - ഉപപാദിക്കുക.

10. (എ) മറ്റ് ആട്ടക്കഥകളിൽ നിന്ന് നളചരിതത്തെ വേർതിരിച്ചു നിർത്തുന്ന പ്രധാനപ്പെട്ട ഒരംശം നാടകീയത തന്നെയാണ് - സ്ഥാപിക്കുക.

അല്ലെങ്കിൽ

(ബി) ഇതിവൃത്തത്തിന്റെ പ്രമേയ മഹത്വത്തിലെന്ന പോലെ രാമായണ ചമ്പുവിന്റെ കാവ്യപരമായ സവിശേഷതകളും പണ്ഡിതന്മാരുടെ പ്രശംസക്കു വിഷയമായിട്ടുണ്ട്. - വിശദീകരിക്കുക.

**III.** ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×10=30)**

11. (എ) രാമകഥപ്പാട്ടിനെ ജനകീയ ഗാന മഹാകാവ്യം എന്നു വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം ചർച്ച ചെയ്യുക.

അല്ലെങ്കിൽ

ബി) പാട്ടു പ്രസ്ഥാനത്തിന്റെ വളർച്ചയും വികാസവും വിലയിരുത്തുക.



12. (എ) ഹൃദയം നിറഞ്ഞ ഭക്തിയും തെളിവുറ്റ ആത്മജ്ഞാനവും അചഞ്ചലമായ ധർമ്മബോധവുമുള്ള കവിയായിരുന്നു എഴുത്തച്ഛൻ - സോദാഹരണം വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(ബി) അദമ്യവും പവിത്രവുമായ ഭക്തി പൂരമാണ് പൂന്താനത്തെ കവിയാക്കിത്തീർത്തത് - അപഗ്രഥിക്കുക.

13. (എ) പ്രാചീന മണിപ്രവാള ചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള സാദൃശ്യ വൈസാദൃശ്യങ്ങൾ ചൂണ്ടിക്കാട്ടുക.

അല്ലെങ്കിൽ

(ബി) സന്ദേശ കാവ്യങ്ങളുടെ ഘടനയും സ്വരൂപവും ചർച്ച ചെയ്ത് മലയാളത്തിലെ പ്രമുഖ സന്ദേശകാവ്യങ്ങളെക്കുറിച്ച് പഠനം തയ്യാറാക്കുക.

---